"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - സർവ്വീസിലിരിക്കെ മരണമടഞ്ഞ നീലേശ്വരം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീ ജയൻ.എൻ.എസ്- ന്റെ ഭവന നിർമ്മാണ വായ്പ കുടിശ്ശിക തുക എഴുതിത്തള്ളി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.606/2024/AGRI തീയതി,തിരുവനന്തപുരം, 03-07-2024

---

പരാമർശം:-

1. സ.ഉ.(പി) നം.91/2017/ധന തീയതി 17/07/2017
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/08/2023 ലെ ADFW/9471/2023-L നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിൽ മലയാറ്റൂർ, നീലേശ്വരം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായി സേവനത്തിലിരിക്കെ 21/10/ 2021 ൽ മരണപ്പെട്ട ശ്രീ. ജയൻ . എൻ.എസ്- (PEN 337691) നു ഭവന വായ്പ്പയായി 5,80,000 /- (അഞ്ചു ലക്ഷത്തി എൺപതിനായിരം രൂപ ) അനുവദിച്ചിരുന്നുവെന്നും ടിയാന് ഇനി ഭവന നിർമ്മാണ വായ്പയിൽ ബാക്കി നിൽക്കുന്ന തുക 5,35,231/- രൂപ (അഞ്ചു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം ) (മുതലിനത്തിൽ 2,94,580/- രൂപയും പലിശ ഇനത്തിൽ 2,40,651 /- രൂപയും ) എഴുതി തള്ളുന്നതിനായി ടിയാന്റെ ഭാര്യയായ ശ്രീമതി ജിഷ .സി .ആർ. സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിൽ മലയാറ്റൂർ, നീലേശ്വരം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായി സേവനമനുഷ്ഠിക്കവേ 20/10/2021 -ൽ അന്തരിച്ച ശ്രീ. ജയൻ.എൻ.എസ്- ന്റെ ഭവന നിർമ്മാണ വായ്പയിലെ ആകെ ബാധ്യതയായ 5,35,231/- രൂപ (അഞ്ചു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) രൂപയിൽ പലിശയിനത്തിലെ ബാധ്യതയായ 2,40,651/- രൂപ (രണ്ട് ലക്ഷത്തി നാൽപതിനായിരത്തി അറുന്നൂറ്റി അൻ്പത്തിയൊന്ന് രൂപ മാത്രം) ഒഴിവാക്കിയും മുതലിനത്തിലെ ബാധ്യതയായ 2,94,580/-രൂപയിൽ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) നിന്നും 2,59,349/- രൂപ (രണ്ട് ലക്ഷത്തി അമ്പത്തിയൊൻപതിനായിരത്തി മുന്നൂറ്റി നാൽപത്തിയൊൻപത് രൂപ മാത്രം) "2075-00-795-98-HBA write off(N/V)" എന്ന ശീർഷകത്തിൽ ചെലവും "7610-00-201-98-HBA-State Service Officers(N/V)" എന്ന ശീർഷകത്തിൽ വരവും കാണിച്ചു എഴുതിത്തള്ളിയും മുതലിനത്തിലെ ശേഷിക്കുന്ന ബാധ്യതയായ 35,231/- രൂപ (മുപ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) പരേതന്റെ ഡി.സി.ആർ.ജി.- യിൽ നിന്നോ ഡി.സി.ആർ.ജി. അതിന് തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ

നിന്നോ/അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈടാക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. ജിഷ.സി.ആർ., (W/o (Late) ശ്രീ.ജയൻ.എൻ്.എസ്., നടുവിലെപ്പടവിൽ (H), നേര്യമംഗലം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/215/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ